LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ആർ.റ്റി.-യ്ക്ക് ലഭിച്ച റിപ്പോർട്ടുകളും നടപടികളും

157(1224) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കോഴിക്കോട് ആർ.റ്റി.ഒ.-യ്ക്ക് ഏതെല്ലാം റിപ്പോർട്ടിങ്ങ് ഓഫീസർമാരിൽ (കൃഷി ഓഫീസർ) നിന്നാണ് റിപ്പോർട്ടുകൾ ലഭിച്ചതെന്നും ഓരോ റിപ്പോർട്ടുകളിന്മേലും സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കുമോ;

(ബി) ഏതെങ്കിലും റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാരിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് :

(1) രാമനാട്ടുകര
(2) കക്കോടി
(3) തലക്കുളത്തൂർ
(4) ആയഞ്ചേരി
(5) ഏറാമല.

പ്രസ്തുത റിപ്പോർട്ടിൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് സബ് കളക്ടർ അതാത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ കേസ്സുകളിലും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

158(1225) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളുടെയും പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.